**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1645** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ലൈഫ് പദ്ധതി വിഹിതം വർധിപ്പിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റെജി ചെറിയാൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ മണ്ണ് ഘടനയുള്ള കുട്ടനാട്ടിൽ നിലവിലെ ലൈഫ് മിഷൻ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള കോൺക്രീറ്റ് വീടുകൾക്ക് വിള്ളലും ചരിവും കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ കുട്ടനാട് മേഖലയിൽ ഭാരം കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനും, ഇതിനായി ലൈഫ് പദ്ധതി വിഹിതം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u> ആലപ്പുഴ ജില്ലയിലെ കുട്ടനാടിന് പ്രത്യേക പദവി നൽകി കുട്ടനാടിന് യോജിച്ച പാർപ്പിട പദ്ധതികൾ നടപ്പിലാക്കണമെന്ന ജസ്റ്റീസ് (റിട്ട.) ജെ.ബി കോശി കമ്മീഷൻ പഠന റിപ്പോർട്ടിൽ (8.155 നമ്പർ പ്രകാരം) ശുപാർശ ചെയ്തിട്ടുണ്ട്. മഴക്കാലത്ത് വെള്ളപ്പൊക്ക സാദ്ധ്യത വളരെ കൂടുതലായതിനാലും കുട്ടനാട് പ്രദേശത്തിന് സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായ മണ്ണ് ഘടനയായതിനാലും ഭൂപ്രകൃതിക്കനുസരിച്ച് നിർമ്മിക്കാവുന്ന കാലുള്ള വീടുകൾ (സ്റ്റിൽറ്റ് ഹൗസ്) നിർമ്മിക്കുന്നത് അനുയോജ്യമായിരിക്കുമെന്നും, ഇപ്രകാരമുള്ള വീടുകൾ നിർമ്മിക്കുന്നതിന് നിലവിലുള്ള ലൈഫ് ഭവനപദ്ധതിയുടെ യൂണീറ്റ് കോസ്റ്റിൽ നിന്നും രണ്ട് ലക്ഷം രൂപ കൂടി അധികമായി ആവശ്യമായി വരുന്നതാണെന്ന പ്രൊപ്പോസൽ ലൈഫ് മിഷൻ ലഭ്യമാക്കിയിട്ടുണ്ട്.**

**കുട്ടനാടിന്റെ പ്രത്യേക ഭൂപ്രകൃതി പരിഗണിച്ച്, കാലുള്ള വീടുകൾ (സ്റ്റിൽറ്റ് ഹൗസ്) നിർമ്മിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു .**

**സെക്ഷൻ ഓഫീസർ**